Santhigiri

ഗുരുവാണി

"നമ്മുടെ മനസ്സിന്റെ അകത്തിരിക്കുന്ന കർമ്മം നമ്മൾ മാറ്റിയെടുക്കണം. അന്യരെ ചീത്ത പറയാനും കുറ്റം പറയാനും മാത്രം പഠിച്ച നിങ്ങൾ ഇതെങ്ങനെ അംഗീകരിക്കും."

# ഉണ്മിനിതകം

VOL 04 | ISSUE 29 | 2018 ജൂലൈ 08 | 1193 മിഥുനം 24

Newspaper published from Santhigiri Ashram | For Private Circulation Only | www.santhigiriashram.org | തിരുവനന്തപുരം റൂറൽ

# നവപൂജിതം-92 സുവനീർ പ്രവർത്തനങ്ങൾക്ക് തുടക്കമായി

**ഹെൽത്ത്കെയർ സോൺ :** നവപൂജിതം-92 ന്റെ സുവനീർ തയ്യാറാക്കുന്നതിനുള്ള പരസ്യശേഖരണം ഉൾപ്പെടെയുള്ള പ്രവർത്തനങ്ങൾക്ക് തുടക്കമായി. ശാന്തിഗിരി കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റാണ് സുവനീർ തയ്യാറാക്കുന്നത്.

2018 ലെ സുവനീർ പ്രകാശനം സെപ്റ്റംബർ 13 നവപൂജിതം ദിനത്തിൽ നടക്കും. മലയാളത്തിനു പുറമെ തമിഴ്, ഹിന്ദി, ഇംഗ്ലീഷ് ഭാഷകളും ഉൾപ്പെടുത്തി ഒറ്റ സുവനീറായിരിക്കും പുറത്തിറക്കുക.

ശാന്തിഗിരി ആശ്രമത്തിന്റെ സെൻട്രൽ ഓഫീസിലും വിവിധ ഏരിയ/റീജിയണൽ/സോണൽ ഓഫീസുകളിലും സുവനീർ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. നിശ്ചയിക്കപ്പെട്ട സ്ഥലങ്ങളിൽ ആദരണീയ സന്ന്യാസിമാരും കോഡിനേറ്റർമാരും നവപൂജിതം സുവനീറിന്റെ പ്രചാരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

എല്ലാ ഏരിയ /റീജിയൺ ചുമതലക്കാരും ജൂലൈ 20-ന് മുമ്പായിത്തന്നെ സുവനീറിലേക്കുള്ള ലേഖനങ്ങളും കുറിപ്പുകളും കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റിലേക്ക് അയച്ചു തരേണ്ടതാണെന്ന് കമ്യൂണിക്കേഷൻസ് ഡിപ്പാർട്ട്മെന്റ് എഡിറ്റർ അറിയിച്ചു. നേരിട്ടോ തപാൽ/ഇമെയിൽ/വാട്സ് അപ്പ് മുഖേനയോ അയക്കാം. ഓഗസ്റ്റ് 10 ന് മുൻപായി പരസ്യങ്ങളും ശേഖരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിച്ചിട്ടുണ്ട്.

ഗുരുവിന്റെ കാരുണ്യാശ്ലേഷത്തിൽ വളരുന്ന ശിഷ്യപരമ്പര സമർപ്പിക്കുന്ന നവപൂജിതം സുവനീർ ഗുരുവിന്റെ നിറഞ്ഞ സ്നേഹത്തിന്റെ പ്രതീകമാണ്. ഗുരുവിന്റെ സകലതും ശിഷ്യനാണ്. ശിഷ്യന്റെ സകലതും ഗുരുവും. ഇതാണ് ഗുരുശിഷ്യബന്ധത്തിന്റെ പാരസ്പര്യം. ഗുരു, ശിഷ്യനെ അറിയുകയും ശിഷ്യൻ ഗുരുവിനെ അറിയാതിരിക്കുകയും ചെയ്യുക- ഇതാണ് ഗുരുവിന്റെ ദു:ഖം.

ശിഷ്യനു വഴികാട്ടിയായി ഗുരുവുണ്ട്. അനുസരിക്കണമെന്നു മാത്രം. ബുദ്ധിയുടെയും യുക്തിയുടെയും വഴിയിൽ കാര്യകാരണങ്ങളെ വിശകലനം ചെയ്യാതെ ഗുരുവിനെ മേൽകീഴ് നോക്കാതെ പിന്തുടരുക. ഇത് അസാധ്യമെന്നു തോന്നാം. കാരണം വാസനാമയമായി ജീവനിലിരിക്കുന്ന കർമ്മഗതി വേറെയാണ്. ഈ കർമ്മഗതിയെ തരണം ചെയ്യലാണ് ശിഷ്യന്റെ ഒന്നാം കടമ്പ.

ഇത് വെറുതെയങ്ങ് സാധ്യമാവുകയില്ല. യാതൊരു ബലപ്രയോഗം കൊണ്ടും സാധ്യമാവില്ല. സമ്പൂർണ്ണ സമർപ്പണം ഒന്നുകൊണ്ടു മാത്രമെ ഇത് സാധ്യമാവൂ. ഇതാണ് 'തന്നിൽ നിന്നന്യമല്ലാതെയെന്നു കാണുന്നു സർവ്വവും' എന്നുപറയുന്ന ഭാഗം. ഇത്രത്തോളമെത്തുന്ന ഒരു കർമ്മവിശേഷം ശിഷ്യൻ കരസ്ഥമാക്കണം. ഇത് സമ്പൂർണ്ണ സമർപ്പണത്തിൽ നിന്നു മാത്രമുണ്ടാകുന്ന ഒന്നാണ്. ഞാൻ നിന്നിലും നീ എന്നിലും നിറയുന്ന കർമ്മഭാവം. ഇങ്ങനെ നിറഞ്ഞിട്ട് സർവ്വവും നീയായിത്തീരുന്നു. ഞാൻ ഇല്ല.

ഗുരുശിഷ്യബന്ധത്തിന്റെ ഈ സാക്ഷാത്കാരവശം പ്രവർത്തിച്ചെത്തിക്കുന്ന കർമ്മധീരതയ്ക്ക് നിദാനം അനുഭവമാണ്. ശിഷ്യൻ ഗുരുവിനെ അനുഭവിച്ചറിയുന്ന ഒരറിവ്. ഈ അറിവിന്റെ കർമ്മപൂർത്തീകരണമാണ് ശാന്തിഗിരിയിലെ ഗുരുശിഷ്യബന്ധം.

ഇവിടെ ഗുരു ഗുരുവായിത്തന്നെ നില്ക്കുന്നു. ശിഷ്യൻ ഗുരുവിൽ അലിഞ്ഞുനില്ക്കുന്നു. ഗുരുവിന്റെ വാക്ക് ശിഷ്യനാകുന്നു. ശിഷ്യൻ ഗരുവിന്റേതാവുന്നു. ഗുരുവും ശിഷ്യനും ചേരുമ്പോൾ ഗുരു മാത്രമാകുന്നു. ഗുരുവിൽ നിന്ന് എല്ലാം വരുന്നു. ഗുരുവിൽ എല്ലാം അവസാനിക്കുന്നു. ഗുരു സത്യം, ശാശ്വതം.

ഈ അറിവിനെ പൂരിപ്പിക്കുന്ന അനുഭവങ്ങളുടെ പങ്കുവയ്പ്പ്, ഗുരുവാണി, ലേഖനങ്ങൾ, കവിതകൾ ഇവയാണ് നവപൂജിതം പതിപ്പിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. മാനവരാശി, ഇന്നലെ, ഇന്ന്, നാളെ എന്ന അറിവിലേക്കായി ഇത് പങ്കുവയ്ക്കുന്നു.



ആശ്രമം സ്പിരിച്വൽ സോൺ



ട്രെയിനിംഗ് പ്രോഗ്രാമിൽനിന്ന്

## ആശ്രമം ഏരിയ ഓഫീസ് ചുമതലക്കാർക്ക് ട്രെയിനിംഗ്

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ആശ്രമം ഏരിയ ഓഫീസുകളിലെ ചുമതലക്കാർക്കുവേണ്ടി ജൂലൈ 6, 7 തീയതികളിൽ ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രെയിനിംഗ് ആന്റ് ഡെവലപ്മെന്റിന്റെ ആഭിമുഖ്യത്തിൽ ട്രെയിനിംഗ് സംഘടിപ്പിച്ചു. സ്പിരിച്വൽ സോൺ കോൺഫ്രൻസ് ഹാളിൽ നടന്ന ക്ലാസിന് ആദരണീയ സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി, ഡോ. കെ.ആർ. എസ്. നായർ എന്നിവർ നേതൃത്വം നല്കി. ആശ്രമത്തിന്റെ വിവിധ ഏരിയകളിൽ നിന്നുള്ള മാനേജർതലത്തിലുള്ള ചുമതലക്കാരാണ് ട്രെയിനിംഗിൽ പങ്കെടുത്തത്. ഇവർക്കായി നേരത്തെ നടത്തിയ ട്രെയിനിംഗിന്റെ തുടർപരിശീലനമാണ് കഴിഞ്ഞ ദിവസം നടന്നത്. ആശ്രമോചിതമായ വിധത്തിലുള്ള പ്രവർത്തനത്തിനും അതോടൊപ്പം മാനേജ്മെന്റ് മികവ് കാത്തുസൂക്ഷിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും പരിശീലനവും ട്രെയിനിംഗിൽ നല്കുകയുണ്ടായി. ആശ്രമത്തിലെ എല്ലാ വിഭാഗത്തിലെയും സ്റ്റാഫംഗങ്ങൾക്ക് ട്രെയിനിംഗ് നല്കിവരുന്നുണ്ട്.



ഫിലാഡെൽഫിയായിൽ നടന്ന 'ഫൊക്കാന' സമ്മേളനത്തിൽ സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മറ്റ് വിശിഷ്ടാതിഥികൾക്കൊപ്പം

# ഗുരുവാണി

അവനവന്റെ മാതാപിതാക്കളും പൂർവ്വികരുമായവർ ജന്മത്തിനോ കർമ്മത്തിനോ മുക്തിക്കോ വകയില്ലാതെ അലഞ്ഞുനിൽക്കുകയാണ്. ഈ ജീവാത്മാക്കൾക്ക് കർമ്മമോ ജന്മമോ മുക്തിയോ കൊടുക്കുന്ന ആത്മകർമ്മമാണ് നിവർത്തിക്കേണ്ടത്. ഈ നിവൃത്തികർമ്മത്തിന് ആകാശഗംഗ ഒഴുക്കി എന്നൊക്കെ പറഞ്ഞുവച്ചിരിക്കുന്നതിൽ കഴമ്പില്ല. ആര്, എന്ത്, എങ്ങനെയൊക്കെ ഒഴുക്കിയാലും ഇത് ഒഴുകുന്നതല്ല. എന്തുകൊണ്ടെന്നാൽ അനേകജന്മസംപ്രാപ്തിയിൽപ്പെട്ടിരിക്കുന്ന കർമ്മഗതിയുടെ ബാക്കിയാണ് ഓരോ ജീവാത്മാവും. അങ്ങനെയുള്ള ജന്മത്തിന്റെ പ്രാപ്തി പ്രാപിച്ചുനിന്നുംകൊണ്ട് ധർമ്മത്തിന്റെ പൂർത്തീകരണം വർണ്ണപ്പെടുത്തിയെടുക്കുകയാണ് ഒരു ഗൃഹസ്ഥാശ്രമിയുടെ പ്രയത്നം. ആ പ്രയത്നത്തിൽക്കൂടിയാണ് ഈ ലോകത്തെ മുക്തിപ്പെടുത്താനുള്ള കർമ്മത്തിലേക്ക് എത്തിച്ചേരേണ്ടത്. ഇതാണ് കലിയുടെ ധർമ്മം.

അങ്ങനെ ഒന്നൊന്നായിട്ട് പൂർത്തീകരിക്കാനുള്ള ഒരു ഗൃഹധർമ്മത്തെ ഒന്നുമില്ലാതാക്കിത്തീർത്തിട്ട് ആരോ പറഞ്ഞുവച്ച കഥയുടെ ചുവട്ടിൽ ചുറ്റിപ്പിടിച്ചുകിടന്ന് 'അയ്യോ പാവം' വിളിച്ചാൽ ഇതുമാറുമോ? ഈ കഥയിൽ നിന്നും ഒന്നും പൊട്ടിച്ചെടുക്കാൻ നിങ്ങൾക്കു കഴിയുകയില്ല. തികച്ചും ഒരു വർണ്ണത്തിന്റെ (കളർ) ഉടമയായിത്തീരുകയാണ് നിങ്ങൾക്കുവേണ്ടത്. അതിന് ധന്യത പകർന്ന ജീവൻ ആയിത്തീരുക. ഈ ജീവനു ധന്യത പകരാൻ വിധിക്കപ്പെട്ടിരിക്കുന്ന അച്ഛനും അമ്മയും മക്കളും ഭർത്താവും ഭാര്യയുമായിട്ട് വളർത്തിയെടുക്കുന്ന ജീവന്റെ പുണ്യദിനങ്ങളായിരിക്കണം നിങ്ങളുടെ ജീവിതകാലഘട്ടം. ആ വർണ്ണത്തിന്റെ വശം തികച്ചും നിങ്ങൾക്ക് പ്രാപ്തമാക്കാം എന്ന വാശി നിങ്ങൾക്കില്ലെങ്കിൽ അങ്ങനെയുള്ള ജീവിതംതന്നെ വ്യർത്ഥം.

മനസിന്റെ സംശയങ്ങൾ തീർക്കലല്ല ജീവിതത്തിന്റെ ഉദ്ദേശ്യം. അങ്ങനെ സംശയം തീർന്നതുകൊണ്ട് നിങ്ങൾക്ക് എന്തുകിട്ടാനാണ്? സംപ്രാപ്തി എന്ന കർമ്മത്തിൽ എന്റെ ജീവൻ എവിടം വരെ എത്തിനില്ക്കുന്നു? അത് ജാഗ്രത്ത്, സ്വപ്ന, സുഷുപ്തിയിൽക്കൂടി കടന്നുപോയിട്ട് തുരീയത്തിൽ ജീവൻ എങ്ങനെ ലയിക്കണം? ആ കർമ്മഗതിയെ പിന്നെ എങ്ങനെ പൊട്ടിച്ചുകളയണം? ഇത് ജീവനെക്കൊണ്ട് പൂർത്തിയാക്കലാണ് നമ്മുടെ കർമ്മരംഗം എന്നുപറയുന്ന ധർമ്മം.

ഗുരുശിഷ്യബന്ധം എന്ന ധർമ്മത്തിലൂടെയല്ലാതെ കർമ്മഗതി പൊട്ടിക്കാൻ ആർക്കുമാവില്ല. എന്താണ് ഗുരുശിഷ്യബന്ധം? ശിഷ്യന്റെ പാരമ്പര്യത്തിൽ ഏതെല്ലാം ദേവതാസമ്പ്രദായം വന്നുപോയിട്ടുണ്ടോ അതിനെയെല്ലാം മുക്തിപ്പെടുത്തുന്ന ഗുരുവിന്റെ ധർമ്മബോധം. ഈ ബന്ധം പണത്തിനും പ്രതാപത്തിനും വേണ്ടി ലോകത്തിന്റെ വാച്യസ്ഥിതിക്കുവേണ്ടി ഉരുത്തിരിയരുത്. എന്തിലൂടെയും കഷ്ടപ്പെട്ട് നൊന്ത് പ്രയാണം ചെയ്യുന്ന കർമ്മത്തിന്റെ യോഗ്യതയിൽ വർണ്ണപൂർത്തീകരണത്തിന്റെ അവസ്ഥ കരസ്ഥമാക്കുകയായിരിക്കണം ഈ ബന്ധത്തിന്റെ സഫലത.

ഇത് ഏറ്റെടുക്കുന്ന നിങ്ങളുടെ മക്കളിൽ എന്തെല്ലാം പകർത്തണം? ജാഗ്രത്, സ്വപ്ന, സുഷുപ്തി എന്ന മൂന്നവസ്ഥകളുടെയും പൂർത്തീകരണം കണ്ടിട്ട് തുരീയത്തിലേക്കുള്ള കെട്ട് അഴിച്ചെടുക്കുന്ന ചുമതല ഗുരുവിനെ ഏൽപ്പിച്ചുകൊടുക്കുകയാണ്. ഗുരു ആ കെട്ട് അഴിച്ചുവിടുമ്പോൾ ശിഷ്യന്റെ ജീവൻ പരിപൂർണ്ണ സ്വതന്ത്രമാകും. ഇതാണ് സ്വാതന്ത്ര്യം.

## വചനദീപ്തി

**"സകലവിധ സന്നിധാനങ്ങളും കടന്നുവന്ന ദൈവനിയോഗത്തിന്റെ അനുഭവസിദ്ധാന്തം. യുഗധർമ്മത്തിന്റെ പുണ്യാതിരേകമായി നില്ക്കുന്ന ബ്രഹ്മനിശ്ചയം."**

**അനശ്വരവാണി**

### സ്പിരിച്വൽ ഡ്യൂട്ടി ലിസ്റ്റ്

13.7.2018 – കാഞ്ഞാപാറ, ലക്ഷ്മിപുരം

14.7.2018 – ശാന്തിപുരം

### യാമപ്രാർത്ഥന

2018 ജൂലൈ 12, വ്യാഴം

### ജന്മഗൃഹ തീർത്ഥയാത്ര

2018 ജൂലൈ 20 വെള്ളി

### പൗർണ്ണമി

2018 ജൂലൈ 27 വെള്ളി

പ്രകാശപദം

# ആത്മാവിന്റെ ശ്രമം

ഒരു ആശ്രമത്തെക്കുറിച്ചു ധരിക്കുമ്പോൾ, ആത്മാവിന്റെ ശ്രമം; 'ആ... ശ്രമം' എന്നാണു നാം ധരിക്കേണ്ടത്. ജീവന്റെ വാസനാമയമായ ജന്യതയെ എങ്ങനെ നമ്മൾ പൂർത്തീകരിച്ചുപോകും? അതിന് നമ്മൾ സങ്കല്പിച്ച് ശക്തിപ്പെടുത്തിവച്ചിരിക്കുന്ന വകയെന്ത്? അത് ശൈവസമ്പ്രദായത്തിൽപ്പെട്ടതോ, ശാക്തേയസമ്പ്രദായത്തിൽപ്പെട്ടതോ, അതോ, ദീർഘദർശീപദത്തിൽ പോയ ഏതെങ്കിലും ഗുരുമാർഗമോ? അതുമല്ലെങ്കിൽ ഏതെങ്കിലും ദേവനെയോ ദേവിയെയോ വച്ചു പൂജിച്ചിട്ട്, സിദ്ധിയോ മന്ത്രവാദമോ കൺകെട്ടു വിദ്യയോ ചെയ്തുപോകുന്നതോ? ഇതൊന്നുമല്ല.

എങ്ങനെയായിരിക്കണം തന്റെ ആത്മാവിന്റെ ശുദ്ധീകരണസ്വഭാവം? ഒരാൾ ഉപാസനാമൂർത്തിയായ ഏതിനെയെങ്കിലും കണ്ടിട്ടുണ്ടെങ്കിൽ, ആ മൂർത്തി ഏതിനെ നമിക്കുന്നു എന്നു കാണണം. കണ്ടിട്ട് തന്റെ ഗുരു ആരാണെന്നറിയണം. ഇങ്ങനെ അറിയുന്ന ഒരു അനുഭവസിദ്ധാന്തമാണ് ശാന്തിഗിരിയിലുള്ളത്. ഈ സിദ്ധാന്തം ആർക്കും അനുഭവത്തിൽക്കൂടി മനസിലാക്കി ജ്ഞാനസ്വഭാവത്തിലേക്ക് എത്തിച്ചേരാൻ പര്യാപ്തമാണ്. അപ്പോൾ ഈ എത്തിക്കുന്നത് എന്താണ്? എവിടെയാണ് അതിന്റെ വാസം?

ശ്രീനാരായണഗുരു ദൈവചിന്തനം എന്ന ലേഖനത്തിൽ, "ഈ ലോകത്ത് ബഹുവിധം ജീവകോടികൾ വസിക്കുന്നതുപോലെ ഗന്ധം, ശീതം, ഉഷ്ണം ഈ ഗുണങ്ങളോടുകൂടിയ വായുലോകത്തിലും അനന്തജീവകോടികൾ ഇരിക്കുന്നു." എന്ന് യോഗഭ്രഷ്ടസമൂഹത്തിന്റെ അനേകഭാവങ്ങളെ വിവരിച്ചിട്ടുണ്ട്. എന്നിട്ട് അവസാനം സ്വാമി 'അസീദഗ്രേ സദേവേദം' എന്നും പറഞ്ഞിരിക്കുന്നു. ഈ അറിവിന്റെ ഭാഗം എവിടെനിന്നുണ്ടായി എന്ന് ശിഷ്യൻ ഗുരുവിൽക്കൂടി അറിയണം. അറിഞ്ഞാൽ മാത്രം പോരാ, മാംസക്കണ്ണുകൊണ്ട് കണ്ടിട്ട്, ഋഷിയും ദേവനും ജ്ഞാനിയും ഭക്തനുമായി, ഋഷിസമ്പ്രദായങ്ങളിലും സന്യാസിസമ്പ്രദായങ്ങളിലുമായി ഈ ഭൂലോകത്തും വായുലോകത്തും ഏതെല്ലാം സൂക്ഷ്മരൂപികളുണ്ടോ ഇവയെല്ലാം തന്റെ ഗുരുവിനെ നമിക്കുന്നതായും, ഗുരു ഇതിനെല്ലാം അപ്പുറം കടന്ന് ഈ ദേവനേയും ദേവിയേയും ഋഷിയേയും ജ്ഞാനിയേയും ഭക്തനേയും, അതുപോലെ അണുവിനെ വരെ കടത്തിവിടുന്നതായും കാണുന്ന വശം അനുഭവസിദ്ധാന്തത്തിലുണ്ട്. ഈ സിദ്ധാന്തസ്വഭാവത്തെയാണു പൂർത്തീകരിച്ചു പോകേണ്ടത്. അല്ലെങ്കിൽ ഈ മനുഷ്യൻ യോഗഭ്രഷ്ടസമൂഹം എന്ന അന്തരീക്ഷമാലിന്യത്തിൽപ്പെട്ടു പറന്നുനിന്നിട്ട് ഏതെങ്കിലും വിധത്തിലുള്ള ഭരണതന്ത്രജ്ഞന്മാരോ, ഒരുഭാഗത്ത് കുടിലതയും ഒരു ഭാഗത്ത് വിശാലമനസ്കതയും ഉള്ളവരോ, അസത്യവാദിയോ സത്യവാദിയോ, ഏതെങ്കിലും തരത്തിലുള്ള മഹാത്മാവോ, അല്ലെങ്കിൽ സന്യാസിയോ ആയിമാറും.

അണുമുതൽ അഖണ്ഡം വരെയുള്ള സൂക്ഷ്മഭാവത്തേയോ, നേരത്തെ സൂചിപ്പിച്ച അറിവിന്റെ ഭാഗം വരേയോ ചിന്തിച്ചാലും ഒരാൾക്ക് ഇപ്പോൾ പറഞ്ഞ ഭാഗം മനസ്സിലാകണമെന്നില്ല. പക്ഷെ നിങ്ങളുടെ കുട്ടികൾക്ക് ഇതു മനസിലാകുന്ന വശം ഉതകിയിട്ട് ഇത് എടുക്കുന്ന സ്ഥിതി വരും. അന്ന് ഈ ലോകവും ഈ രാജ്യവും എന്നല്ല, ഓരോ വ്യക്തിയും ദൈവകനിവിനെ മാനിച്ച് ഭരിക്കുന്ന ഒരു ഭരണതന്ത്രം ഇവിടെ വന്നുചേരും. അന്നേ ഈ ലോകത്തിന് ഇന്നുകാണുന്നപോലെ ഈ എടുത്തു തൂങ്ങിനിൽക്കുന്ന കാപട്യത്തിൽ നിന്നും മാറ്റം വരൂ. ആ മാറ്റം ഒരുമയിലും പ്രാർത്ഥനയിലും പിന്നെ ഗുരു കാണിച്ചു തന്ന ഈ വഴിയിലും കൂടി പോയിട്ട് ഈ അന്തരീക്ഷമാലിന്യം എന്താണെന്നു മനസിലാക്കാൻ കഴിയുന്നതാകണം.

ഞാൻ പറയുന്ന അന്തരീക്ഷമലിനീകരണം ശാസ്ത്രീകരിച്ചു പോകാവുന്നതും അന്തരീക്ഷത്തിന്റെ സൂക്ഷ്മതലങ്ങളിൽ നിൽക്കുന്നതുമായ ഒരു ഗോളാന്തര സ്വഭാവത്തെപ്പറ്റിയുമാണ്. ഒരു സൗരയൂഥം 27 നക്ഷത്രവും 12 രാശിയും 9 ഗ്രഹവും ഉൾപ്പെട്ട ഒരു കണക്കിലാണ് നാം ജനിക്കുന്നത്. ഈ ജനനസ്വഭാവം ശുദ്ധീകരിച്ചു പോയിട്ടാണ് ദേവനും ദേവിയും ഋഷിയും ജ്ഞാനിയും ഭക്തനും കലിയിൽ എങ്ങനെ ജനിക്കണമെന്ന് അറിയേണ്ടത്.

**ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്

# ശാന്തിഗിരിയിലെ അന്നദാനം

'അന്നം ബ്രഹ്മം' എന്ന ഋഗ്വേദപ്രോക്തം അന്നത്തിന്റെ വന്ദിതമായ ശ്രേഷ്ഠതയെ കാണിക്കുന്നു. ഇത് പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ജൈവപാരസ്പര്യത്തെയാണ് കാണിക്കുന്നത്. ഗുരുവിന്റെ വിഭാവനയിൽ സ്ഫുടം ചെയ്തെടുത്ത ഒരു ഭോജനസംസ്കാരമാണ് ശാന്തിഗിരിയിൽ ഉള്ളത്. ഭക്ഷണത്തെക്കുറിച്ചുള്ള വ്യവസ്ഥാപിതമായ പോഷണശാസ്ത്രത്തിൽ നിന്നും തികച്ചും വ്യത്യസ്തമാണത്. അത് സമീകൃതം എന്നതിലുപരി സമ്പുഷ്ടവുമാണ്.

ശാന്തിഗിരി ആശ്രമത്തിലെ അന്നദാനം പ്രസിദ്ധമാണ്. ആശ്രമ ഭോജനശാല ഇത്രയേറെ മഹിമപ്പെട്ടിരിക്കുന്നതിന്റെ പിന്നിലുള്ള നന്മ ബ്രഹ്മത്തിന്റെ കനിവാണ്. അപ്രകാരമൊരു കനിവുണ്ടാകാൻ ആസ്പദമായ ഗുരുവിന്റെ ജന്മാന്തര ത്യാഗത്തിന്റെ ലാവണ്യം ശാശ്വതചൈതന്യം പകർന്ന് സദാ ഇവിടെ നിലനില്ക്കുന്നു. അനുദിനം വർദ്ധിച്ചുവരുന്ന വിശ്വാസികൾക്കും മറ്റ് സന്ദർശകർക്കും പ്രാർത്ഥനാപൂർവ്വം തയ്യാറാക്കി പ്രാർത്ഥനാപൂർവ്വം വിളമ്പുന്ന ഭക്ഷണത്തിന്റെ സ്വാദും സംതൃപ്തിയും ഏതൊരാളുടെയും ജീവിതകാലം മുഴുവൻ സ്മരണയിൽ തങ്ങി നിൽക്കും. ഇവിടുത്തെ ഭക്ഷണം, ഭക്ഷണം എന്നതിലുപരി പ്രസാദവും ഔഷധവുമാണ്.

ശാന്തിഗിരിയിലെ ഭക്ഷണം വിപുലമായ സദ്യവട്ടമൊന്നുമല്ല. ഹൃദയത്തിലേക്കുള്ള വഴി ഉദരത്തിൽ കൂടിയാണ് എന്ന ചൊല്ല് അന്വർത്ഥമാകുംവിധം ഇത് അനന്യമായ ധർമ്മനിർവഹണമാണ്. ഇവിടെനിന്നു ലഭിക്കുന്ന സംതൃപ്തി മായികമോ താല്ക്കാലികമോ അല്ല. അത് ചിരകാലം നിലനില്ക്കുന്നതാണ്.

ശ്രേഷ്ഠജീവിതത്തിനുവേണ്ടി ചില മൂലതത്ത്വങ്ങൾ ഋഷികളാൽ ഉപദിഷ്ടമായിട്ടുണ്ട്. അതാണ് ധർമ്മം. ധർമ്മങ്ങളിൽ ഏറ്റവും ശ്രേഷ്ഠം ദാനധർമ്മം. ഇന്ത്യയുടെ ധാർമ്മിക പാരമ്പര്യത്തിൽ ദാനധർമ്മങ്ങളിൽ ഏറ്റവും മഹനീയമായി പരിഗണിക്കുന്നത് അന്നദാനമാണ്. അന്നദാനത്തിന്റെ മാഹാത്മ്യം ഉദ്ഘോഷിക്കുന്ന നിരവധി ദൃഷ്ടാന്തങ്ങൾ വേദങ്ങളിലും ഇതിഹാസ പുരാണങ്ങളിലും കാണാം.

ധാർമ്മികമൂല്യങ്ങളുടെ ആചരണവും ജീവിതാനുഭവങ്ങളും തമ്മിലുള്ള ബന്ധം അന്വേഷിച്ചറിയാൻ വ്യഗ്രതയുള്ളവർ അന്നദാനത്തിന്റെ പൊരുളും അന്വേഷിച്ചറിയേണ്ടതാണ്. പൂർവ്വവിശ്വാസമനുസരിച്ച് കർമ്മദോഷനിവാരകവും പുണ്യസമ്പാദനോപാധി എന്ന നിലയ്ക്കും അന്നദാനത്തിന് പ്രഥമസ്ഥാനം കല്പിച്ചിരിക്കുന്നു. ജീവിതത്തിലെ ശുഭകരമായ സന്ദർഭങ്ങളിലും പിതൃമോചനകർമ്മവേളകളിലും പുണ്യദായകമായ കർമ്മമായി സങ്കല്പിച്ച് അന്നദാനം നടത്തുകയാണെങ്കിൽ വലിയ വലിയ ഹോമങ്ങളുടെയും ഹവനങ്ങളുടെയും ഫലം സിദ്ധിക്കും.

ആരോഗ്യപരിചയം

# കർക്കിടകക്കഞ്ഞി ഔഷധക്കഞ്ഞി

**ഡോ. ബി. രാജ്കുമാർ**, *അഡീഷണൽ മെഡിക്കൽ സൂപ്രണ്ട്, എസ്.എച്ച്.ആർ.ഒ*

വർഷങ്ങൾക്കു മുമ്പ് കേരളീയരുടെ ജീവിതശൈലി കൃഷിയുമായി ഏറെ ബന്ധപ്പെട്ടു നിന്നിരുന്നു. മാറിവരുന്ന ഓരോ കാലാവസ്ഥയിലും ഊണും ഉറക്കവും ജീവിതക്രമങ്ങളുമെല്ലാം അവർ കൃഷിയിൽ മുറുക്കി കെട്ടി. ഋതുക്കളെ അവരുടെ ജീവിതശൈലിയുടെ ഭാഗമാക്കി മാറ്റി. പാടത്ത് കൃഷിയിറക്കിയും വളമിട്ടും കൊയ്തും മെതിച്ചും ജീവിതം ആഘോഷമാക്കി. മഴക്കാലങ്ങളിൽ കൃഷിയിടങ്ങളിൽ ഉറങ്ങാൻ കഴിയാതെ കൂരയ്ക്കുള്ളിൽ ഒതുങ്ങിക്കൂടിയിരിക്കുകയും ഒരു വർഷത്തെ അദ്ധ്വാനത്തിന്റെ ക്ഷീണമകറ്റാൻ എണ്ണതേച്ചും ഔഷധങ്ങൾ സേവിച്ചും ആഹാരങ്ങൾ ക്രമീകരിച്ചും അവർ മഴക്കാലത്തെ സ്വീകരിച്ചു. ഒരു വർഷമെങ്കിലും പഴകിയ ധാന്യങ്ങളും ഔഷധക്കൂട്ടുകളും ചേർത്തു അവർ കഞ്ഞിയുണ്ടാക്കി ശരീരബലത്തിനുവേണ്ടി സേവിച്ചു. ഓരോരോ പ്രദേശങ്ങളിലും അവരുടെ അറിവിനും യോഗ്യതയ്ക്കും അനുസരിച്ചുള്ള ഔഷധകഞ്ഞിക്കൂട്ടുകൾ തയ്യാറാക്കി സേവിച്ചു പോന്നു. പിന്നീട് അതൊരു സംസ്കാരമായി മാറി. ഇങ്ങനെ വിവിധ സംസ്കാരത്തിൽപെട്ട ആളുകൾ അവരുടേതായ തരത്തിൽ നിർമ്മിച്ച ഔഷധകഞ്ഞികൾ കർക്കിടക കഞ്ഞി എന്ന പേരിൽ പ്രശസ്തമായി.

പത്തിലക്കഞ്ഞി, ദശപുഷ്പക്കഞ്ഞി, ഉലുവാക്കഞ്ഞി എന്ന പേരിൽ ഒട്ടനവധി മരുന്നുകഞ്ഞികൾ ഇന്ന് നിലവിലുണ്ട്. അതിൽ ചില ഔഷധക്കഞ്ഞികളെ നമുക്ക് പരിചയപ്പെടാം.

പൊതുവേ കഞ്ഞിയുണ്ടാക്കുന്നതിന് സ്വീകാര്യമായ ദ്രവ്യങ്ങൾ ഇവയാണ്.

**ധാന്യങ്ങൾ**

ഞവരയരി, ഉലുവ, ആശാളി, ചെറുപയർ

**പൊടിച്ച ദ്രവ്യങ്ങൾ**

ചുക്ക്, ജീരകം, ജാതിപത്രി, വിഴാലരി, മല്ലി, പെരുംജീരകം, ഏലയ്ക്കാ, ഇലവർങം, മഞ്ഞൾ, കരിംജീരകം, കുടകപ്പാലയരി, കറുക, ഉഴിഞ്ഞ, പൂവാംകുരുന്നില, വരക്, തിന, തിപ്പലി, കുരുമുളക്, കാർകോകലരി, ജാതിക്ക, മാലാക്ക്, കാട്ടുമുളകിൻ വേര്, കുറുന്തോട്ടി, തഴുതാമ മുതലായവ.

സാധാരണയായി ധാന്യങ്ങൾ വേവിച്ച് അതിന്റെ പാതിവേവിൽ പൊടികൾ ചേർത്ത് ഉപ്പ് കരിപ്പെട്ടി, തേങ്ങാപ്പാൽ, ചുവന്നുള്ളി നെയ്യിൽ താളിച്ചത് എന്നിവയിൽ ഏതെങ്കിലും ചേർത്ത് ഒരു നേരം കഞ്ഞിയായി കുറഞ്ഞത് ഏഴു ദിവസം മുതൽ കർക്കിടക കാലം അത്രയും സേവിക്കാവുന്നതാണ്.

പഞ്ചലോഹ ചൂർണം 50ഗ്രാം കിഴികെട്ടി ഒരു പാത്രത്തിൽ വെള്ളം ഒഴിച്ച് അതിൽ ഇടുക. ഈ പാത്രത്തിൽ ഞവരയരിയോ, പൊടിയരിയോ ഇട്ട്, അടുപ്പത്ത് വച്ച് പാകം ചെയ്തു എടുക്കുക. അടുപ്പിൽനിന്നും വാങ്ങുമ്പോൾ കിഴി പിഴിഞ്ഞുകളഞ്ഞു കഞ്ഞിയാക്കി സേവിക്കാവുന്നതാണ്.

ചെന്നെല്ലരിയിട്ട് പകുതി വേവാകുമ്പോൾ മുകളിൽ സൂചിപ്പിച്ച പൊടിച്ച ദ്രവ്യങ്ങളായ ആശാളി, ഉലുവ, ജീരകം, ഏലയ്ക്ക, അയമോദകം, വിഴാലരി, ചുക്ക് ഇവ ചേർത്ത് വേവിച്ച് വാങ്ങി തേങ്ങാപാലും ഉപ്പും ചേർത്ത് കഴിക്കാം.

ചെന്നെല്ലരിയിട്ട് ആശാളി, ഉലുവ, ചുക്ക് എന്നിവ ആവശ്യത്തിന് വെള്ളം ചേർത്ത് വേവിക്കുക. നല്ലവണ്ണം വെന്താൽ ജീരകപ്പൊടി, തേങ്ങ ചിരകിയത് മഞ്ഞൾപ്പൊടി, കറിവേപ്പില എന്നിവ നന്നായി അരച്ച് ചേർത്ത് തിളപ്പിച്ച് ഇതിലേയ്ക്ക് പഞ്ചലോഹചൂർണ്ണമോ അഷ്ടചൂർണ്ണമോ ചേർത്ത് ഉപയോഗിക്കാം.

10 ഗ്രാം ആശാളി, 25 ഗ്രാം ഉലുവ, 100 ഗ്രാം ഉണക്കലരി എന്നിവ കഞ്ഞിയാക്കി ഇതിൽ നെയ്യും തേങ്ങ ചിരകിയതും ചേർത്ത് സേവിക്കാം.

വിശപ്പ് കുറവായി അനുഭവപ്പെടുന്ന വർഷകാലത്തിൽ ശരീരത്തിനുള്ളിലെ ജഠരാഗ്നി വർദ്ധിപ്പിക്കുന്ന ചെറുപയർ സൂപ്പ് മുതിർന്നവർക്കും കുട്ടികൾക്കും ഒരുപോലെ ഉപയോഗിക്കാവുന്നതാണ്. 50 ഗ്രാം ചെറുപയർ കഴുകി കരടു കളഞ്ഞ് ഒരിടങ്ങഴി വെള്ളത്തിൽ കഷായം വച്ച് ഇരുന്നാഴിയാക്കുക. ഇത് അരിച്ചെടുത്തു തണുപ്പിച്ചതിനുശേഷം ഇന്തുപ്പ്, മല്ലി, ചുക്ക് എന്നിവ 5 ഗ്രാം വീതം പൊടിച്ച് ചേർത്ത് കറിവേപ്പിലയും, ചുവന്നുള്ളിയും പശുവിൻ നെയ്യിൽ താളിച്ചതും കുറച്ച് മാതളനാരങ്ങാനീരും ചേർത്ത് ഉപയോഗിക്കാം.



പൂനെയിൽ നടന്ന ദേശീയ സബ്ജൂനിയർ സ്കൂൾ നീന്തൽ ചാംപ്യൻഷിപ്പിൽ പങ്കെടുത്ത ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിനി **ദക്ഷിണ പി. ബിജോ**



*ജമ്മു കാശ്മീരിൽ നടന്ന ദേശീയ വുഷു ചാംപ്യൻപ്പിൽ പങ്കെടുത്ത ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ എട്ടാം ക്ലാസ് വിദ്യാർത്ഥി മുഹമ്മദ് ജാസിം പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വിയിൽ നിന്നും സാക്ഷ്യപത്രം ഏറ്റുവാങ്ങുന്നു*



*ശാന്തിഗിരി വിദ്യാഭവനിലെ പെൺകുട്ടികൾക്കുള്ള നാപ്കിൻ നിർമ്മാണ യൂണിറ്റ്*

# പെൺകുട്ടികൾക്ക് നാപ്കിൻ നിർമ്മാണത്തിന് പരിശീലനം

**എജ്യൂക്കേഷൻ സോൺ:** പെൺകുട്ടികൾക്ക് സാനിറ്ററി നാപ്കിൻ നിർമ്മാണ പരിശീലനവുമായി ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ. ഇതിനായി പ്രത്യേക യൂണിറ്റ് പ്രവർത്തനം ആരംഭിച്ചു. ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ നടത്തിവരുന്ന ശാന്തിഗിരി ഹെർബൽകെയർ യൂണിറ്റിന്റെ നേതൃത്വത്തിലാണ് വിദ്യാർത്ഥിനികൾക്ക് നാപ്കിൻ നിർമ്മാണ പരിശീലനം നല്കുന്നത്. പ്രകൃതിസൗഹൃദവസ്തുക്കൾ ഉപയോഗിച്ചാണ് നാപ്കിൻ നിർമ്മിക്കുന്നത്. അതിനാൽ ആരോഗ്യപ്രശ്നങ്ങളും അജൈവമാലിന്യങ്ങളും ഉണ്ടാകില്ല. സ്കൂളിലെ കുട്ടികൾക്ക് സൗജന്യമായി നാപ്കിൻ നൽകും. കുറഞ്ഞ നിരക്കിൽ പുറത്ത് വിതരണം ചെയ്യാനും പദ്ധതിയുണ്ട്. അദ്ധ്യാപകരായ ബിന്ദു നന്ദന, ഷൈജു കെ. മാലൂർ എന്നിവരും പരിശീലകരായ ഗിരിജ സി., അജിത എ. എന്നിവരും നേതൃത്വം നല്കുന്നു.

# ദിവംഗതയായി



ബി. വസന്തകുമാരിയമ്മ

**ശാന്തിഗിരി ജംഗ്ഷൻ:** 'ശാന്തിമന്ദിരം' ഭവനത്തിൽ കെ. രവീന്ദ്രൻ പിള്ളയുടെ ഭാര്യ ബി. വസന്തകുമാരിയമ്മ (71) ജൂലൈ 3 ന് ദിവംഗതയായി. സംസ്കാരം നടന്നു. ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് അദ്ധ്യാപിക വി. രഞ്ജിത മകളാണ്. കെ. രവീന്ദ്രൻപിള്ള തൃക്കണ്ണമംഗലം ആർ.വി. ഭവൻ കുടുംബാംഗമാണ്.



*ഇംഗ്ലീഷ് ലാബ് ഉദ്ഘാടനം സ്വാമി നിർമോഹാത്മ ജ്ഞാനതപസ്വി നിർവഹിക്കുന്നു*

# ശാന്തിഗിരി വിദ്യാഭവനിൽ ഇംഗ്ലീഷ് ഭാഷാ ലാബ്

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിൽ വിദ്യാർത്ഥികളുടെ ഇംഗ്ലീഷ് ഭാഷാ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനായി ഇംഗ്ലീഷ് ഭാഷാ ലാബ് പ്രവർത്തനം തുടങ്ങി.

എജ്യൂക്കേഷൻ ഡിപ്പാർട്ട്മെന്റ് ഹെഡ് സ്വാമി നിർമ്മോഹാത്മ ജ്ഞാനതപസ്വി ജൂലൈ നാലിന് ലാബിന്റെ ഉദ്ഘാടനം നിർവഹിച്ചു. സ്കൂൾ പ്രിൻസിപ്പൽ സ്വാമി പ്രണവശുദ്ധൻ ജ്ഞാനതപസ്വി, വൈസ് പ്രിൻസിപ്പൽ സ്മിജേഷ് എസ്.എം., ശശികുമാർ ബി. തുടങ്ങിയവർ പങ്കെടുത്തു.

അദ്ധ്യാപകരായ ഗീതാരാജ്, ബി. ജയ എന്നിവരുടെ നേതൃത്വത്തിലാണ് ലാബ് പ്രവർത്തിക്കുന്നത്. ഇംഗ്ലീഷ് ഭാഷാപ്രാവീണ്യം, ഉച്ചാരണം, ആശയവിനിമയം എന്നിവ മെച്ചപ്പെടുത്തുന്നതിനാണ് ഭാഷാ ലാബ് രൂപകല്പന ചെയ്തിരിക്കുന്നത്. അഞ്ചു ലക്ഷത്തോളം രൂപ ചെലവഴിച്ച് ആധുനിക സജ്ജീകരണങ്ങളോടെയാണ് ലാബ് ഒരുക്കിയിരിക്കുന്നത്.

# 'ഗുരുമാർഗം കാലഘട്ടത്തിന്റെ ആവശ്യം'

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പ്രതിമാസ പൊതുയോഗം ജൂലൈ 1 ന് നടന്നു. റിസർച്ച് സോൺ കമ്യൂണിറ്റി ഹാളിൽ നടന്ന യോഗത്തിൽ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി, സ്വാമി ഗുരുനന്ദ് ജ്ഞാനതപസ്വി എന്നിവർ മഹനീയ സാന്നിധ്യമായി.

ഗുരുമാർഗം കാലഘട്ടത്തിന്റെ ആവശ്യമാണ്. ഗുരുവിന്റെ മാർഗത്തിലൂടെ ജീവിതം നയിക്കുന്ന ഗൃഹസ്ഥർക്ക് വളരെ വലിയ ഉത്തരവാദിത്തമാണുള്ളത്. സ്വന്തം ഗൃഹത്തിൽ ജീവിച്ചുകൊണ്ട് ആശ്രമപ്രവർത്തനം ചെയ്യുകവഴി ഗുരുവിന്റെ ഇച്ഛ സ്വജീവിതത്തിലൂടെ വീടിനും നാടിനും ഉലകത്തിനും പകർത്തുന്ന അതിമഹനീയമായ കർമ്മമാണ് ഇത്. ഗൃഹസ്ഥാശ്രമികൾക്ക് അഷ്ടൈശ്വര്യങ്ങളും ഉണ്ടാവണമെന്നാണ് ഗുരു പറഞ്ഞിരിക്കുന്നത്. അതിനു കഴിയണമെങ്കിൽ ഗുരുവാക്ക് മാനിച്ചുകൊണ്ട് ചിട്ടയായ ജീവിതം നയിക്കാൻ ഓരോരുത്തർക്കും കഴിയണമെന്ന് സ്വാമി ചൂണ്ടിക്കാട്ടി.



## വിദ്യാഭവനിൽ സ്റ്റുഡെൻസ് കൗൺസിൽ

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ 2018–19 വർഷത്തിലെ സ്റ്റുഡൻസ് കൗൺസിൽ രൂപീകരിച്ചു. സ്കൂൾ ഹെഡ് ബോയിയായി കാർത്തിക് ജി.ആർ. നെയും ഹെഡ് ഗേളായി രേഷ്മ സതീഷിനെയും തെരഞ്ഞെടുത്തു. സ്പോർട്സ് ക്യാപ്റ്റൻ ഷെഹിൻ നവാസ്, വൈസ് ക്യാപ്റ്റൻ ജനസ്തുതി എം.എസ്, ആർട്സ് ക്യാപ്റ്റൻ ആദിത്യൻ ടി.പി., വൈസ് ക്യാപ്റ്റൻ അശ്വനി ചന്ദ്രൻ എന്നിവരാണ് സ്റ്റുഡൻസ് കൗൺസിൽ മറ്റ് അംഗങ്ങൾ.

# സിപ്സിന് മൂന്ന് പുതിയ കേന്ദ്രങ്ങൾ

**സ്പിരിച്വൽ സോൺ:** ശാന്തിഗിരി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാരാമെഡിക്കൽ സയൻസിന്റെ (സിപ്സ്) മൂന്ന് പുതിയ കേന്ദ്രങ്ങൾ എരമല്ലൂർ (ചേർത്തല), തൃശൂർ, തലശേരി എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിന് ആശ്രമം ഡയറക്ടർ ബോർഡ് അനുമതി നല്കി. അതത് ഏരിയ ഓഫീസുകളുടെ പരിധിയിൽ പ്രവർത്തിക്കുന്ന സിപ്സ് സെന്ററുകളുടെ മേൽനോട്ടം ശാന്തിഗിരി ഹെൽത്ത്കെയർ ആന്റ് റിസർച്ച് ഓർഗനൈസേഷന്റെ മെഡിക്കൽ എജ്യൂക്കേഷൻ ഡിവിഷനായിരിക്കും. ഇത് സംബന്ധിച്ച സർക്കുലർ ജൂലൈ 1 ന് പുറത്തിറങ്ങി.



പ്രവർത്തകർ ഗോശാലയിലെ കർമ്മത്തിൽ

# ആശ്രമം ഗോശാലയിൽ കർമ്മം

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി ആശ്രമം തിരുവനന്തപുരം ഏരിയയിലെ (സിറ്റി) സാംസ്കാരിക പ്രവർത്തകരുടെ നേതൃത്വത്തിൽ ജൂലൈ 1 ഞായറാഴ്ച ആശ്രമം ഗോശാലയിൽ കർമ്മം നടന്നു. സ്വാമി ജനതീർത്ഥൻ ജ്ഞാനതപസ്വി, സ്വാമി ജനമോഹനൻ ജ്ഞാനതപസ്വി എന്നിവർ നേതൃത്വം നല്കി. ശാന്തിഗിരി ശാന്തിമഹിമ പ്രവർത്തകരും ഒപ്പമുണ്ടായിരുന്നു.

നാല്പതോളം സാംസ്കാരിക പ്രവർത്തകരാണ് രാവിലെ ഒൻപത് മണി മുതൽ ഉച്ചയ്ക്ക് 12 മണി വരെ നടന്ന കർമ്മത്തിൽ പങ്കാളികളായത്. ഗോശാലയുടെ പരിസരങ്ങളും വൃത്തിയാക്കുകയുണ്ടായി. എല്ലാ മാസവും ആദ്യത്തെ ഞായറാഴ്ച സിറ്റി ഏരിയയുടെ കർമ്മം നടത്താനും തീരുമാനിച്ചിട്ടുണ്ട്.



*ശാന്തിഗിരി ശാന്തിമഹിമ റൂറൽ ഏരിയ കമ്മിറ്റി യോഗം*

## ശാന്തിഗിരി ശാന്തിമഹിമ തിരുവനന്തപുരം റൂറൽ ഏരിയ കമ്മിറ്റി

ശാന്തിലാൽ റ്റി., മനു വി.ജെ., വന്ദനൻ എസ്., നിർമ്മലൻ എം.എസ്., ആദിത്യൻ കിരൺ, സ്നേഹജൻ വി., ഗുരുപ്രിയൻ ജി., പുഷ്പജൻ ബി., പ്രിയൻ എം.ആർ., ബ്രഹ്മദത്ത് ജെ., ഗുരുകല്പനൻ റ്റി., അങ്കിത്ത് സി.ആർ., ജനദത്ത് എസ്.

*കാഞ്ഞാംപാറയിലെ ശ്രീകുമാർ എസ്- ശ്രീജകുമാരി കെ.ബി ദമ്പതിമാരുടെ 'ശാന്തിദീപം' ഭവനം*



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
Editorial Head: Janani Divya Jnana Thapaswini, Editor: T. Sasimohan, Deputy Editor: Anil Cherthala